ഇവരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

ക്ലാർക്കുമാർ:

1. ബിനു ഭാസ്കർ
2. ടി. ജി. ഗിരീഷ്കുമാർ
3. സിജി പൈലി
4. സുജ, കെ. കെ.

ഡ്രൈവർമാർ:

1. ഹരിചന്ദ്രലാൽ, കെ. സി.
2. വിൻസെന്റ്, ഒ. എക്സ്.

ശിപായിമാർ:

1. ശശീന്ദ്രൻ, ടി. കെ.
2. ശ്രീദേവി, ജി.
3. ജെയിംസ്, കെ. കെ.

ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

39 [620] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്നാണ് സമർപ്പിക്കപ്പെട്ടത്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ നിഗമനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 9-11-2001-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവച്ചിട്ടുണ്ട്.

(സി) & (ഡി) കമ്മീഷന്റെ ശുപാർശകളെ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

40 [621] *ശ്രീ. എ. സുജനപാൽ:*

,, *ജി. കാർത്തികേയൻ:*

,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എത്ര റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണിയാണ് ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏറ്റെടുത്തത്;

(ബി) ഇവയുടെ പണി കരാറനുസരിച്ച് എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്;

(സി) ഇവയുടെ പണി പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് പറയുമോ?

ഉത്തരം

(എ) 22 മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏറ്റെടുത്തത്.

(ബി) അനുബന്ധമായി ചേർക്കുന്നു.†

(സി) ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത 22 മേൽപ്പാലങ്ങളിൽ 7 മേൽപ്പാലങ്ങൾ പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. പണി പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. സ്ഥലമെടുപ്പിൽ വന്ന കാലതാമസം.
2. റെയിൽവേയുടെ ഭാഗത്തെ പണികൾ ചെയ്യുന്നതിനുള്ള ഡ്രോയിംഗ് ലഭിക്കാനുള്ള കാലതാമസം.
3. റെയിൽവേ ഭാഗത്തെ സ്ലാബ് ചെയ്യുന്നതിനുള്ള റെയിൽവേയുടെ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാനുള്ള കാലതാമസം.
4. റെയിൽവേയുടെ ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി ട്രെയിനുകളുടെ വേഗതാ നിയന്ത്രണത്തിനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം.

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly